**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 260** **10-06-2024 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 വിഭാഗത്തിന്റെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2013 മുതൽ 2024 ഏപ്രിൽ 30 വരെയുള്ള കാലയളവിൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 വിഭാഗത്തിൽ പി.എസ്.സി. നിയമനത്തിന് എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്നും ഇതിൽ എത്ര നിയമനങ്ങളാണ് നടന്നിട്ടുള്ളതെന്നും വിശദമാക്കുമോ; | (എ) | ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 നിയമനം സംസ്ഥാനതലത്തിലാണ് നടത്തപ്പെടുന്നത്.<br><br>2013 മുതൽ 2024 ഏപ്രിൽ 30 വരെയുള്ള കാലയളവിൽ ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മെഡിക്കൽ കോളേജുകളിലും അനുബന്ധ ആശുപത്രികളിലുമായി സംസ്ഥാന തലത്തിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിൽ 4553 ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തു. ഇതിൽ 4476 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. അവശേഷിക്കുന്ന 77 പി.എസ്.സി നിയമന ശിപാർശകളിലേക്കുള്ള നിയമന നടപടികൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിൽ നിന്നും ശൂന്യവേതനാവധി എടുത്തവരുടെ എണ്ണം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | പ്രസ്തുത കാലയളവിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 തസ്തികയിൽ നിന്നും ശൂന്യവേതനാവധി എടുത്തവരുടെ എണ്ണം, ജോലി ചെയ്തിരുന്ന സ്ഥാപനം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം മെഡിക്കൽ കോളേജ് - 179<br><br>കൊല്ലം മെഡിക്കൽ കോളേജ് - 35<br><br>ആലപ്പുഴ മെഡിക്കൽ കോളേജ് - 64<br><br>കോട്ടയം മെഡിക്കൽ കോളേജ് - 114<br><br>കോന്നി മെഡിക്കൽ കോളേജ് - 12<br><br>എറണാകുളം മെഡിക്കൽ കോളേജ് - 6<br><br>തൃശ്ശൂർ മെഡിക്കൽ കോളേജ് - 162<br><br>കോഴിക്കോട് മെഡിക്കൽ കോളേജ് - 176<br><br>കാസർഗോഡ് മെഡിക്കൽ കോളേജ് - 4<br><br>ദന്തൽ കോളേജ്, ആലപ്പുഴ – 1 |

| | | | |
|---|---|---|---|
| | | | ദന്തൽ കോളേജ്, കോട്ടയം - 1<br><br>കണ്ണാശുപത്രി, തിരുവനന്തപുരം - 1<br><br>ആകെ ശൂന്യവേതനാവധി എടുത്ത സ്റ്റാഫ് നഴ്സ് ഗ്രേഡ്-2 ന്റെ എണ്ണം 755 |

സെക്ഷൻ ഓഫീസർ